വിവരക്കണക്കില്ലാതെ ഭരിക്കാൻ കഴിയുകയില്ല. ഡാറ്റാ കളക്ഷനാണ് ഭരണത്തിന്റെ ഫൗണ്ടേഷൻ. അതുകൊണ്ട് ആ കണക്ക് എത്രയാണെന്ന് എടുത്ത് അത് പരിശോധിക്കാറുണ്ട്. ആ സംവിധാനം കുറെക്കൂടി ഊർജ്ജിതപ്പെടുത്തി പെട്ടെന്ന് അതിന്റെ കണക്ക് കിട്ടത്തക്ക രീതിയിൽ.....കൃഷി വകുപ്പു മന്ത്രി സമയബന്ധിതമായിട്ടേ എല്ലാം ചെയ്യുകയുള്ളൂ.

(2) വിശാലകൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. ബാബു : സർ, വിശാലകൊച്ചി പ്രദേശത്തെ അതിരൂക്ഷമായ കുടിവെള്ള പ്രശ്നത്തിലേയ്ക്ക് ഗവൺമെന്റിന്റേയും സഭയുടേയും ശ്രദ്ധ ക്ഷണിക്കാനാണുദ്ദേശിക്കുന്നത്. 'വെള്ളം വെള്ളം സർവ്വത്ര; തുള്ളി കുടിപ്പാനില്ലത്രേ' എന്നുള്ള കവിതതന്നെ കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമവും മുൻകൂട്ടി കണ്ടുകൊണ്ട് എഴുതിയതാണെന്ന് തോന്നും ഇന്നത്തെ അവസ്ഥ കണ്ടാൽ. കാലവർഷക്കാലത്തുപോലും വിശാല കൊച്ചി പ്രദേശത്ത് കുടിവെള്ളം ഒരു അപൂർവ്വ വസ്തുവായിത്തീർന്നിരിക്കുകയാണ്. വിശാല കൊച്ചി ശുദ്ധ ജല വിതരണമേഖലയിൽ കൊച്ചി നഗരം, ആലുവ, പറവൂർ, കളമശ്ശേരി, തൃപ്പൂണിത്തുറ എന്നീ മുനിസിപ്പാലിറ്റികളും 26 പഞ്ചായത്തുകളും ഉൾപ്പെടുന്നു. 1914-ൽ ചൊവ്വരയിൽ ആരംഭിച്ച പദ്ധതി മുതൽ 1993-ൽ കമ്മീഷൻ ചെയ്ത വേൾഡ് ബാങ്ക് പദ്ധതിയുൾപ്പെടെ 190 എം.എൽ.ഡി. വെള്ളം ഉൽപ്പാദിപ്പിക്കുന്നതായാണ് വാട്ടർ അതോറിറ്റിയുടെ കണക്ക്. വാട്ടർ അതോറിറ്റിയുടെ കണക്ക് അതാണെങ്കിലും യഥാർത്ഥത്തിൽ 150 എം.എൽ.ഡി. വെള്ളം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിശാലകൊച്ചി പ്രദേശത്ത് 415 എം.എൽ.ഡി വെള്ളം ആവശ്യമാണ്. ഈ ഉൽപ്പാദിപ്പിക്കുന്ന വെള്ളം തന്നെ വിതരണം ചെയ്യാനുള്ള കാര്യിംഗ് കപ്പാസിറ്റി ഇല്ലെന്നുള്ളതാണ് വസ്തുത. 1984 മുതൽ വാട്ടർ അതോറിട്ടി വിതരണത്തിനു വേണ്ടി ആവിഷ്കരിച്ച പല പദ്ധതികളും പൂർത്തിയാകാതെ കിടക്കുകയാണ്. അഴുക്കു ചാലുകളിലൂടെ കുടിവെള്ളത്തിനുള്ള പൈപ്പുകൾ ഇടുന്നതുമൂലം, തുരുമ്പെടുത്ത് പൊടിയുന്നതുമൂലം പൈപ്പിലൂടെ മലിനജലം കയറുന്നതിന്റെ ഫലമായി കൊച്ചി നഗരത്തിൽ പ്രത്യേകിച്ച് പശ്ചിമകൊച്ചി പ്രദേശത്ത് ടൈഫോയിഡ് നിരന്തരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. കോളറയും അതുപോലെ ജലജന്യമായ രോഗങ്ങളും പശ്ചിമകൊച്ചിയിലും വിശാല കൊച്ചിയിലും ഭീതിജനകമായ അന്തരീക്ഷം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ കടമെടുത്ത് ചെലവഴിച്ച് നിർമ്മിച്ച തൃപ്പൂണിത്തുറയിലെ വാട്ടർ ടാങ്ക് ഉൾപ്പെടെ ടാങ്കുകളിലൊന്നും വെള്ളം കയറ്റാൻ പറ്റാത്ത വിധത്തിൽ ഉപയോഗശൂന്യമായി കിടക്കുകയാണ്. 7 മീറ്റർ ഉയരത്തിൽവരെ വെള്ളം എത്തിക്കാൻ പ്രഷറിൽ പമ്പ് ചെയ്യണമെന്നാണ് വ്യവസ്ഥ. എങ്കിലും പൈപ്പ് ടാപ്പിന്റെ പൊക്കത്തിൽപോലും പമ്പ് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് ജനങ്ങൾ ഹോസിട്ട് ഹാന്റ് പൈപ്പ് വച്ച് ചാമ്പ് ചെയ്താണ് വെള്ളമെടുക്കുന്നത്. വിശാല കൊച്ചി പ്രദേശത്ത് മിക്കവാറും താഴ്ന്നസ്ഥലങ്ങളിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിലെ വിതരണ ക്രമമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ ഒന്നിടവിട്ടുള്ള ദിവസങ്ങളിലുള്ള വിതരണക്രമം അനുസരിച്ചുള്ള വെള്ളംപോലും വിതരണം ചെയ്യാൻ കഴിയുന്നില്ല. വളരെ ദിവസം കാത്തിരുന്നാലാണ് ഒരു ബക്കറ്റ് വെള്ളം കിട്ടുന്നത്. അവിടത്തെ സ്ഥിതി വളരെ ദയനീയമാണ്. കൊച്ചിയിൽ ഇന്ന് കുടിവെള്ളക്കച്ചവടം വ്യാപകമായിക്കഴിഞ്ഞിരിക്കുകയാണ്. ഈ കുടിവെള്ളക്കച്ചവടം ഏറ്റവും വ്യാപകമാകുമെന്നു പറയാനുള്ള കാരണം വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടുവെന്നുള്ളതാണ്. ഇതിന് പരിഹാരമായിട്ട് വാട്ടർ അതോറിറ്റി ഇപ്പോൾ മൂന്നിക്കാണിച്ചത്, അല്ലെങ്കിൽ അങ്ങ് തന്നെ നിർദ്ദേശിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത് ഹഡ്കോ പദ്ധയിയാണ്. ഈ ഹഡ്കോ പദ്ധതി 1995-ൽ ആരംഭിച്ചതാണ്. 1998-ൽ പൂർത്തീകരിക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണ് ആ പദ്ധതി ആവിഷ്ക്കരിച്ചത്. ഈ പദ്ധതിയുടെ പ്രവർത്തനം ഒച്ച് ഇഴയുന്നതുപോലെയാണ് നീങ്ങുന്നത്. സർക്കാർ സമയ ബന്ധിതമായി തീരുമാനിക്കാത്തതിന്റെയും വാട്ടർഅതോറിറ്റിയുടെ കെടുകാര്യസ്ഥതയുടെയും ഫലമായി ഇന്ന് ആ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു പോയിട്ടില്ല. ഭൂമി അക്വിസിഷൻ തന്നെ പൂർത്തിയാക്കിയിട്ടില്ല. ഇതിനോട് അനുബന്ധിച്ചുള്ള പള്ളുരുത്തി ടാങ്കിന്റെ പണിയുടെ ടെണ്ടർ കഴിഞ്ഞിട്ട് 5 മാസമായി. 5 മാസക്കാലത്തിനുള്ളിൽ ഒരു ചെറിയ തർക്കം പോലും അവസാനിപ്പിച്ച് നിർമ്മാണം ആരംഭിക്കാൻ വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല. എളംകുളം മുതൽ പള്ളുരുത്തി വരെയുള്ള പൈപ്പ് ലൈൻ ഇടാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ടാങ്കിന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല. ആലുവ-എറണാകുളം പൈപ്പ് ഇട്ടിട്ടില്ല. വൈപ്പിൻ കോംപണന്റ് 1998 ആഗസ്റ്റിൽ പൂർത്തിയാക്കേണ്ടതായിരുന്നു. ഹഡ്കോയുടെ പദ്ധതി പൂർണ്ണമായി 1998 ആഗസ്റ്റിൽ കമ്മീഷൻ ചെയ്യേണ്ടതായിരുന്നു. അതിന്റെ പ്രവർത്തനം കാര്യമായി മുന്നോട്ടു പോകുന്നില്ലെന്നു മാത്രമല്ല, 15 ദിവസത്തിലൊരിക്കൽ കൂടണമെന്നു വച്ചിരുന്ന അതിന്റെ മോണിട്ടറിംഗ് കമ്മിറ്റി കഴിഞ്ഞ 4 മാസക്കാലമായിട്ട് കൂടിയിട്ടില്ല എന്നുള്ള വസ്തുതയും ഞാൻ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടു പോകുന്നില്ല. ചൊവ്വരയുള്ള ആഗ്മെന്റേഷൻ പദ്ധതി 52 എം.എൽ.ഡി. വെള്ളം ഉൽപ്പാദിപ്പിച്ചുകൊണ്ട് പറവൂർ മുനിസിപ്പാലിറ്റിയിലും സമീപത്തുള്ള 8 പഞ്ചായത്തുകളിലും വെള്ളം വിതരണം ചെയ്യാൻവേണ്ടി ആരംഭിച്ച പദ്ധതിയാണ്. ഇതിന് എൽ.ഐ.സി.യുടെ ലോൺ കിട്ടി. പക്ഷേ, കൺസ്ട്രക്ഷൻ കോർപ്പറേഷനും വാട്ടർഅതോറിറ്റിയും തമ്മിലുള്ള തർക്കംമൂലം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെ പഴയ ഒ.ഡി.എ. പദ്ധതിയുടെ പേരിൽ പശ്ചിമ കൊച്ചി പ്രദേശത്ത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി പഴയ പൈപ്പുകൾ മാറ്റുന്നതിനും വിതരണ ശൃംഖല നവീകരിക്കുന്നതിനും വേണ്ടി ആരംഭിച്ച ഡി.എഫ്.ഐ.ഡി. (Department for International Development) പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യമായി മുന്നോട്ടു പോയിട്ടില്ല. അത് കമ്മീഷൻ ചെയ്യേണ്ട കാലാവധി എത്രയോ മുമ്പ് അവസാനിച്ചിരിക്കുന്നു. അതുപോലെ ആമ്പല്ലൂർ അഡ്ജോയിനിംഗ് പദ്ധതി: ഇടക്കാട്ട് മെയിൻ ആമ്പല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ആമ്പല്ലൂർ ആന്റ് അഡ്ജോയിനിംഗ് സ്കീം കാര്യമായി പുരോഗതി പ്രാപിച്ചിട്ടില്ല. അത് 1997 മാർച്ചിൽ കമ്മീഷൻ ചെയ്യേണ്ടതായിരുന്നു. ഇങ്ങനെ കൊച്ചി നഗരവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളും ഇന്ന് അവതാളത്തിലാണ്. കാര്യമായ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നില്ല. കൊച്ചി നഗരത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ തന്നെ 415 എം.എൽ.ഡി. വെള്ളം ആവശ്യമാണ്. 2006 ആകുമ്പോൾ 600 എം.എൽ.ഡി. വെള്ളം വേണ്ടി വരുമെന്നാണ് പുറത്തുള്ള വിദഗ്ദ്ധരായിട്ടുള്ള ആളുകൾ

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പറയുന്നത്. എന്നാൽ ഹഡ്കോ പദ്ധതി പൂർത്തിയായാൽ പോലും 250 എം.എൽ.ഡി. വെള്ളം പോലും ഉൽപ്പാദിപ്പിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ടിയുണ്ടാക്കിയ ദീർഘ കാലാടിസ്ഥാനത്തിലുള്ള പദ്ധതിയായിരുന്നു ഒ.ഇ.എസ്.എഫ് പദ്ധതി. കോഴിക്കോട്, തിരുവനന്തപുരം, ചേർത്തല ഉൾപ്പെടെ കൊച്ചി നഗരത്തെക്കൂടി ഉദ്ദേശിച്ചുള്ളതാണ് ജപ്പാൻ സഹായത്തോടുകൂടിയുള്ള ഒ.ഇ.എസ്.എഫ്. പദ്ധതി. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്കരിച്ചതാണ്. പക്ഷേ, അത് നഷ്ടപ്പെട്ടു. ആ ഗവൺമെന്റിന്റെ സമയത്തുതന്നെ കൊച്ചിക്ക് അത് നഷ്ടമായി. മറ്റ് പ്രദേശങ്ങളിൽ അത് നടപ്പിലാക്കാൻ പോകുന്നുവെന്ന് നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതിന് ബദലായി കെ.യു.ഡി.പി. പദ്ധതിയുടെ പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചു. ആ പദ്ധതിയുടെ ഒന്നാം ഘട്ടമാണ് ഈ ഹഡ്കോ പദ്ധതി. അത് ഒച്ച് ഇഴയുന്ന വേഗത്തിൽ നിങ്ങിക്കൊണ്ടിരിക്കുകയാണ്. അതിന്റെ രണ്ടാം ഘട്ടവും മൂന്നാംഘട്ടവുമുണ്ട്. ഈ രണ്ടാം ഘട്ടത്തെക്കുറിച്ചും മൂന്നാം ഘട്ടത്തെക്കുറിച്ചും ഇപ്പോൾ തന്നെ ആലോചിക്കേണ്ടിയിരിക്കുക യാണ്. അതുപോലെ വിശാലകൊച്ചി പ്രദേശത്ത് വെള്ളമെടുക്കുന്നതിനുവേണ്ടിയുള്ള നമ്മുടെ പ്രധാനപ്പെട്ട സ്രോതസ്സ് എന്നു പറയുന്നത് പെരിയാർ നദിയാണ്. പെരിയാർനദി പരിസ്ഥിതിവാദികളുടെ ഭാഷയിൽ പറഞ്ഞാൽ മരിച്ചു കൊണ്ടിരിക്കുകയാണ്. അവിടെ ഒന്ന് മലിനീകരണം, വ്യവസായ മേഖലയിൽ നിന്നും അനിയന്ത്രിതമായി ഒഴുകുന്ന വിഷജലംമൂലം മിക്കവാറും മത്സ്യങ്ങൾ ചത്തു പൊങ്ങുകയും കുടിവെള്ള സ്രോതസ്സ് നശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുപോലെ മണൽ അനിയന്ത്രിതമായി എടുക്കുന്നതുമൂലം വാട്ടർ ടേബിൾ താഴ്ന്നു കൊണ്ടിരിക്കുകയാണ്. ആലുവ പാലവും കാലടി പാലവും തകർച്ചയുടെ വക്കിലെത്തിയിരിക്കുകയാണ്. ഈ വാട്ടർടേബിൾ താഴുന്നതിന്റെ ഫലമായി വിശാലകൊച്ചി പ്രദേശത്തെ മുഖ്യകുടിവെള്ള സ്രോതസ്സായ പെരിയാർ നദിയിൽ വേനൽക്കാലത്ത്, ഇപ്പോൾത്തന്നെ വെള്ളം പമ്പു ചെയ്യുന്നത് മണൽച്ചാക്കുകൾ അടിയിട്ട് വെള്ളം തടഞ്ഞു നിർത്തിയാണ്. അത്ര ഗുരുതരമാണ് സ്ഥിതി. അവിടെ കുടിവെള്ളസ്രോതസ്സ് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് ആലോചിക്കണം. കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സമയബന്ധിതമായി യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകുകയും നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കൊച്ചി നഗരത്തിൽ കുടിവെള്ളത്തിന്റെ പേരിൽ ജനങ്ങൾ ക്രമസമാധാനപ്രശ്നമുണ്ടാക്കുന്ന കാലം വളരെ വിദൂരമല്ല. അത്രരൂക്ഷമായ സ്ഥിതിയാണ് കൊച്ചി നഗരത്തിലനുഭവപ്പെടുന്നത്. അതുകൊണ്ട് കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻഗവൺമെന്റ് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധക്ഷണിക്കൽ പ്രമേയം തന്നതോടൊപ്പം ബഹുമാനപ്പെട്ട കുട്ടപ്പൻ എം.എൽ.എ.യും ഒരു സബ്മിഷൻ ഉതേ മാറ്ററിൽ തന്നിട്ടുണ്ട്. പ്രശ്നം ഗുരുതരമാണെന്നുള്ളതിന്റെ ലക്ഷണമാണ്. ഗുരുതരമാണെന്ന് എനിക്കു തന്നെ നേരിട്ടറിയാവുന്നതാണ്. വിശാലകൊച്ചി വിതരണമേഖലയിൽ കൊച്ചി നഗരം, ആലുവ, പറവൂർ, ഏലൂർ, കളമശ്ശേരി, തൃപ്പൂണിത്തുറ എന്നീ മുനിസിപ്പൽ നഗരങ്ങളും 15 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുണ്ട്. കൊച്ചി വിശാല കൊച്ചി വികസന മേഖലയിൽ ജനസംഖ്യ അനുസരിച്ച് പ്രതിദിനം 380 ദശലക്ഷം ലിറ്റർ കുടിവെള്ളം ആവശ്യമാണ്. എന്നാൽ ആലുവയിൽ 190 ദശലക്ഷം ലിറ്റർ ശേഷണശേഷിയുള്ള മൂന്ന് ശുചീകരണ ശാലകളാണ് ഇപ്പോൾ സ്ഥാപിച്ചിട്ടുള്ളത്. കാലപ്പഴക്കംമൂലം ഈ ശേഷിക്കനുസരിച്ചുള്ള ശുദ്ധീകരണം അവിടെ നടക്കുന്നില്ല എന്നുള്ളതാണ് സത്യം. ആവശ്യത്തിന്റെ 58% മാത്രമേ അവിടെ വിതരണം ചെയ്യാൻ കഴിയുന്നുള്ളൂ. ആലുവ 42 മെയിൻ പൈപ്പിലേയ്ക്ക് ബന്ധപ്പെടുന്ന ജി.ആർ.പി. പൈപ്പ് കൂടെക്കൂടെ പൊട്ടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് കൊച്ചി മേഖലയിലേയ്ക്കുള്ള ജലവിതരണം തടസ്സപ്പെട്ടിരുന്നു. ഈ പൈപ്പ് മാറ്റി പകരം ഇരുമ്പ് പൈപ്പ് സ്ഥാപിച്ചതിനാൽ കൊച്ചി മേഖലയിലുള്ള ജലവിതരണം ഒട്ടു

LIBRARY ARCHIVES Kerala Legislative Assembly

വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ആലുവായിൽ നിന്നുള്ള 42 ഇഞ്ചും 36 ഇഞ്ചും വ്യാസമുള്ള കാലപ്പഴക്കം ചെന്ന പമ്പിംഗ് മെയിനിൽക്കൂടി കൂടുതൽ മർദ്ദത്തിൽ വെള്ളം പമ്പ് ചെയ്യാൻ സാധിക്കുന്നില്ല. ഇതിന് ശാശ്വതപരിഹാരമായി ഹഡ്കോയുടെ സഹായത്തോടെ നടപ്പിലാക്കുന്ന കൊച്ചി ഇടക്കാലവിപുലീകരണ പദ്ധതി 1200 മി.മീറ്റർ മുതൽ 600 മി.മീറ്റർ വരെ വ്യാസമുള്ള ഇരുമ്പ് പൈപ്പ് ആലുവ മുതൽ പള്ളുരുത്തിവരെ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം എടുപ്പിന് കാല താമസം നേരിട്ടതിനാൽ ഈ പദ്ധതി ഉദ്ദേശിച്ച സമയത്ത് ആരംഭിക്കാൻ സാധിച്ചിട്ടില്ല. പണിയുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. ലൈൻ സ്ഥാപിക്കുന്നതോടെ ജലദൗർലഭ്യത്തിന് ഒട്ടൊക്കെ പരിഹാരമുണ്ടാക്കാൻ കഴിയുന്നതാണ്. ആലുവായിലെ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തി 35.7 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധീകരിക്കുന്ന ജലവും മൂന്നാം പ്ലാന്റിൽനിന്നും ശുദ്ധീകരിക്കുന്ന ജലവും വിതരണമേഖലയിലേയ്ക്കു കൊണ്ടുപോകുന്നതിന് 48 ഇഞ്ച് വ്യാസമുള്ള പ്രധാന കുഴലും വടുതല, ഇളംകുളം, പള്ളുരുത്തി എന്നിവിടങ്ങളിൽ ജലസംഭരണികളും ഈ സംഭരണികളിൽ ജലം എത്തിക്കുന്നതിനുള്ള പൈപ്പുകളും സ്ഥാപിക്കുന്നതാണ്. ഹഡ്കോയുടെ സാമ്പത്തിക സഹായത്തിൽ നടപ്പിലാക്കുന്ന കൊച്ചി ഇടക്കാലവിപുലീകരണപദ്ധതിയാണിത്. 58.50 കോടിരൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം എടുപ്പിക്കുക പ്രധാനഭാഗമായിരുന്നു. കൊച്ചി നഗരത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിനും വൈപ്പിൻ ദ്വീപുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുംവേണ്ടി 1995-ൽ ആവിഷ്ക്കരിച്ച ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാകാത്തതുകൊണ്ടാണ് പദ്ധതി നടത്തിപ്പിൽ കാലതാമസം ഇപ്പോഴും നേരിട്ടുകൊണ്ടിരിക്കുന്നത്. സ്ഥലം ഉടമകളിൽ പലരും കോടതിയെ സമീപിച്ചു. ഏകദേശം 90-ഓളം പേർക്ക് കോടതി ഒഴിപ്പിക്കൽ നിറുത്തലാക്കി സ്റ്റേ അനുവദിച്ചു. സ്ഥലം എടുപ്പിന്റെ ഭാഗമായി വില നിർണ്ണയം നടത്താൻ ഉദ്യോഗസ്ഥന്മാരെ അനുവദിക്കാതെ വന്നു. ആയതിനാൽ സ്ഥലമുടമകൾക്ക് നോട്ടീസ് നല്കി. പുറമേനിന്ന് വീടിനുള്ളിൽ പോയി വില നിർണ്ണയിക്കുന്നതിനുള്ള സാഹചര്യം അവിടെ നഷ്ടപ്പെട്ടിരിക്കുന്നു. പുറമേ നിന്നും വില നിർണ്ണയം നടത്തി വളരെ ത്വരിതപ്പെടുത്താൻ ഞാൻ മന്ത്രിയായതിനുശേഷം മൂന്ന് പ്രാവശ്യം അവിടത്തെ എം.എൽ.എമാരേയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളേയും ഉദ്യോഗസ്ഥൻമാരേയും വിളിച്ച് ഈ ഭൂമി എടുക്കാൻ ചില നടപടികൾ സ്വീകരിച്ചു. ആ നടപടിയുടെ ഭാഗമായിട്ടാണ് ഒരു പാക്കേജ് പദ്ധതി ഉണ്ടാക്കി ഭൂമി എടുക്കുന്നവർക്ക് വേണ്ട സഹായം നല്കുമെന്ന് ഉറപ്പുകൊടുത്തത്. അതിന്റെ ഫലമായിട്ടാണ് അവർ പരമാവധി ഭൂമി സറണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ആ പാക്കേജ് പദ്ധതി ഇപ്പോഴും ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. അതിന് അടിയന്തിരമായി പരിഹാരം കാണണം. കൊച്ചിക്ക് ഒ.ഇ.സി.എഫിന്റെ സഹായം നഷ്ടപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, അത് ശരിയാണ്, വികസനമേഖലയ്ക്കു ആവശ്യമുള്ള കുടിവെള്ളം വിതരണം നടത്തുമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് നഗരവികസന സഭയിൽ ഉൾപ്പെടുത്തി ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ബൃഹത്തായ കൊച്ചി ശുദ്ധജലവിപുലീകരണ പദ്ധതിക്ക് രൂപം നല്കിയിരുന്നു. ആലുവായിൽ നിലവിലുള്ള സംവിധാനം നിലനിറുത്തിക്കൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് പുതിയതായി ആവിഷ്ക്കരിച്ച് പൂർത്തീകരിച്ച് 2021-ാമാണ്ടിൽ ആവശ്യമുള്ള 455 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉല്പാദിപ്പിക്കുക എന്നതായിരുന്നു ആ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. നിർഭാഗ്യവശാൽ ആ പദ്ധതിക്ക് സ്ഥലം എടുക്കാൻ പ്രയാസമാണെന്ന് തോന്നിയതിന്റെ ഫലമായി അതിനുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ആ പദ്ധതി ഒ.ഇ.സി.എഫ് ഉപേക്ഷിക്കുകയായിരുന്നു. അവർ അതിന് തയ്യാറായില്ല എന്നുള്ളതുകൊണ്ടാണ് അത് നമുക്ക് നഷ്ടപ്പെട്ടുപോയത്. അതുപോലെ പെരിയാറിന്റെ സംരക്ഷണം വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. കൊച്ചി നഗരത്തിന്റെയും പരിസര പ്രദേശങ്ങളിലേയും ശുദ്ധജലവിതരണ പദ്ധതികളുടെ സ്രോതസ്സ് പെരിയാറാണ്. പെരിയാറിലെ വെള്ളം കുടിവെള്ള പദ്ധതിക്കും ജലസേചന പദ്ധതിക്കും പോലും അപര്യാപ്തമാണെന്ന് ബഹുമാപ്പെട്ട മെമ്പറുടെ സ്റ്റേറ്റ്മെന്റ് ശരിയാണ്. കൊച്ചിൻ റിഫൈനറീസ് കമ്പനിയുടെ ആവശ്യത്തിന് 6.3 മില്യൺ ഗ്യാലൻ വെള്ളം ദിവസേന പെരിയാറിൽ നിന്നും എടുക്കുന്നുണ്ട്. കൂടാതെ 16.3 മില്യൺ ഗ്യാലൻ ജലംകൂടി പെരിയാറിൽ നിന്നും എടുത്ത് കൊച്ചിൻ റിഫൈനറിയുടെ ശുദ്ധജലവിതരണം നടപ്പാക്കാൻ സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. പെരിയാറിന് ദോഷം ചെയ്യുമെന്നുള്ളതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും തടസ്സം ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും കൂടെ ചേർന്ന് അവരുടെയെല്ലാം കോൺഫറൻസ് വിളിച്ചുകൂട്ടി അതിനെ സംബന്ധിച്ച് ഒരു പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആ പരിശോധന നടത്തുന്നതിനുവേണ്ടി പെരിയാറിന്റെ ജലത്തെ സംബന്ധിച്ചും ജലത്തിന്റെ സ്രോതസ്സിനെ സംബന്ധിച്ചും എത്രമാത്രം ജലം അവിടെ എടുക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ചും പ്രത്യേകമായി ഒരു പഠനം നടത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. രണ്ടു മാസത്തിനകം റിപ്പോർട്ട് തരണമെന്നാണ്. കൊച്ചിൻ റിഫൈനറീസിന്റെ ജലശുദ്ധീകരണ പദ്ധതിയിൽ ആ പദ്ധതി കടന്നു പോകുന്ന പ്രദേശങ്ങളിലെ പഞ്ചായത്തുകളിലൊക്കെ ആ വെള്ളം സപ്ലൈ ചെയ്യാമെന്ന് അവർ സമ്മതിച്ചിട്ടുണ്ട്. പെരിയാറിൽ വെള്ളമില്ല, വെള്ളം സംരക്ഷിക്കണം, വെള്ളമില്ലയെന്ന നടസ്സുവാദം കൊണ്ടാണ് ഇപ്പോൾ നടപ്പാക്കാതിരിക്കുന്നത്. അതിനുവേണ്ടിയാണ് ഒരു കമ്മിറ്റിയെ നിയോഗിച്ചത്. രണ്ടുമാസത്തിനകം റിപ്പോർട്ട് ശേഖരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പെരിയാർ നദിയുടെ സംരക്ഷണം ഗൗരവമുള്ള വിഷയമാണെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും അത് സംരക്ഷിക്കുന്നതിനും ആവശ്യമാണെന്നുള്ളതുകൊണ്ട് പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കുന്നകാര്യം വളരെ ഗൗരവതരമായി പരിഗണനയിലാണെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. ബാബു : ഹഡ്കോ പദ്ധതി എന്നത്തേയ്ക്കു പൂർത്തിയാകും ? കൊച്ചിയിലെ വർദ്ധിച്ചുവരുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള കെ.യു.ഡി.പി.യുടെ ഒന്നാംഘട്ടമാണ് ഇപ്പോൾ രണ്ടാം ഘട്ടത്തെക്കുറിച്ചും മൂന്നാം ഘട്ടത്തെ കുറിച്ചും ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ? .

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഒന്നാം ഘട്ടം 2000-ാമാണ്ടിൽ പൂർത്തിയാക്കണമെന്നുള്ള നിലയിലാണ് ഇപ്പോൾ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നത്. 2001-2002 ആകുമ്പോഴേക്ക് അത് പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. അതിൽ ഗൗരവതരമായ ഒരു പ്രശ്നം ഗവൺമെന്റ് കാണുന്നുണ്ട്. ഈ പദ്ധതിയൊക്കെ പൂർത്തിയായാലും കൊച്ചിയിൽ വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ അടിസ്ഥാനത്തിൽ സ്വാഭാവികമായി അവിടത്തെ പൂണ്ണമായ ഉപയോഗം നടക്കുമോ എന്ന് ഗവൺമെന്റിന് ആശങ്കയുണ്ട്. അതുകൊണ്ട് ഇപ്പോൾത്തന്നെ കൊച്ചിക്കുവേണ്ടി ഭാവിയിൽ വരുന്ന വികസനം മനസ്സിലാക്കിക്കൊണ്ട് ഒരു പുതിയ പദ്ധതിക്ക് പെരിയാർ ഒഴിച്ചുള്ള ഏതെങ്കിലും നദീതടത്തിൽനിന്നും വെള്ളം എടുക്കുന്നതു സംബന്ധിച്ച്-മൂവാറ്റുപുഴ വാലിയിൽനിന്നോ എവിടെ നിന്നെങ്കിലും വെള്ളം എടുക്കുന്നതിനെ സംബന്ധിച്ച്-ഒരു പ്രോജക്റ്റ് തയ്യാറാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly